II ഇ.ബി. XII- കേരള നിയമസഭ/XIV-10

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 15, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

31 (*271) ബസ് ടെർമിനലുകൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഒന്നാംഘട്ടത്തിൽ 30 ബസ് സ്റ്റേഷനുകളിലും രണ്ടാം ഘട്ടത്തിൽ 29 ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ബി.ഒ.ടി. അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. ഒന്നാംഘട്ടത്തിലുള്ള മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ഗുരുവായൂർ, കോട്ടയം, ഏറ്റുമാനൂർ, ആറ്റിങ്ങൽ ബസ് സ്റ്റേഷനുകളിലെ ബസ് ടെർമിനലുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. ചാലക്കുടി, ചൂർണ്ണിക്കര എന്നീ ബസ് ടെർമിനലുകളുടെ നിർമ്മാണം രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള 408

ഏക്കർ ഭൂമിയിൽ പട്ടയമുള്ള സ്ഥലങ്ങളിൽ മാത്രമാണ് ഇപ്പോൾ ബസ് ടെർമിനലുകൾ സ്ഥാപിക്കുന്നത്. പുതിയതായി സ്ഥലം അക്വയർ ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പ്രയോറിറ്റി അനുസരിച്ചും ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിലും ഫീസിബിലിറ്റി സ്റ്റഡി നടത്തിയശേഷം മാത്രമേ ബസ് ടെർമിനലുകൾ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. അങ്കമാലിയിൽ കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.യുമായി സഹകരിച്ച് ബി.ഒ.ടി. അടിസ്ഥാനത്തിൽ ആരംഭിച്ച പൈലറ്റ് പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണെന്നും ഈ സ്കീമിൽ കോഴിക്കോട്ട് ബസ് ടെർമിനലിന്റെ പണി ആരംഭിക്കുകയും തിരുവനന്തപുരം സെൻട്രലിൽ പ്രാരംഭ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ബസ് ടെർമിനലുകൾ നഗരാതിർത്തികളിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കെ.ടി.ഡി.എഫ്.സി. ചെലവാക്കുന്ന തുക വാടകയിനത്തിലും മറ്റിനങ്ങളിലുമായി തിരികെ ലഭിച്ച് ബാദ്ധ്യത തീരുമ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് കൈമാറുന്നതാണ്. കെ.ടി.ഡി.എഫ്.സി.ക്ക് പദ്ധതിയിൽ നിന്നും പ്രതിമാസം ലഭിക്കുന്ന അറ്റാദായത്തിന്റെ 50% അതാതുമാസം കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നതാണ്. ഈ തുക കഴിച്ചുള്ള 50% അറ്റാദായംകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സാമ്പത്തിക ബാദ്ധ്യത തീർക്കേണ്ടത്. കെ.എസ്.ആർ.ടി.സി. എൻജിനീയറിംഗ് വിംഗിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കെ.എസ്.ആർ.ടി.സി-യുടെ സ്ഥലം ഈട് നൽകി ബാങ്കുകളിൽ നിന്ന് ലോണെടുക്കുന്നത് പ്രായോഗികമല്ലെന്നും സ്വകാര്യ പങ്കാളിത്തത്തോടുകൂടി

ബസ് ടെർമിനലുകൾ സ്ഥാപിക്കാൻ ഉദ്ദേശമില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32(*272) സഹകരണ മേഖലയിലെ അഴിമതി

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയിലെ അഴിമതിയും ദുർഭരണവും അവസാനിപ്പിക്കുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സഹകരണസംഘങ്ങളിലെ അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിരുന്ന അന്വേഷണ സമിതികളുടെ റിപ്പോർട്ട് ലഭിക്കുകയും വിജിലൻസ് അന്വേഷണമടക്കമുള്ള തുടർനടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ തുടങ്ങി സംസ്ഥാനത്താകെ നടന്ന 2000 കോടി രൂപയോളം വരുന്ന അഴിമതിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും സഹകരണ രജിസ്ട്രാർ ഓഫീസ് തലത്തിൽ രണ്ട് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രത്യേകമായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണസംഘങ്ങളിൽ മിന്നൽ/വിദഗ്ദ്ധ പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ സഹകരണ നിയമം/ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ബാങ്കിംഗ് റഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ, വകുപ്പുതല ആഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് സഹകരണ സംഘം

രജിസ്ട്രാറുടെ നിയന്ത്രണത്തിൽ ഒരു ഇൻസ്പെക്ഷൻ സെല്ലും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ആഫീസറായി നിയമിച്ചുകൊണ്ട് വിജിലൻസ് വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി സഹകരണ നിയമത്തിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമ ഭേദഗതി ബിൽ ഈ സമ്മേളന കാലയളവിൽ അവതരിപ്പിക്കുന്നതാണ്. അഴിമതി നടത്തിയ ചില കേസ്സുകളിൽ നിയമ നടപടികൾ സ്റ്റേ ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഏതാനും ഭരണസമിതികൾ അവരുടെ സ്വയംഭരണ സ്വാതന്ത്ര്യം ഉപയോഗിച്ച് ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ വിസ്സമ്മതം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർ രക്ഷപ്പെടാതിരിക്കാനുള്ള നിയമ ഭേദഗതി കൂടിയാണ് ഗവൺമെന്റ് കൊണ്ടുവരുന്നത്. മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ച് ലഭിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർബിട്രേഷൻ കേസ്, ക്രിമിനൽ കേസ്, വിജിലൻസ് കേസുകൾ തുടങ്ങിയവയും ഭരണ സമിതിയ്ക്കെതിരായ മറ്റ് നടപടികളും സർചാർജ്ജ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് അഴിമതി സംബന്ധിച്ച 56 കേസ്സുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഏതാനും കേസുകൾകൂടി ഈ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്ന കാര്യം ആലോചിച്ചു വരികയുമാണ്. സഹകരണ സംഘങ്ങളുടെ/മേഖലയിലെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും തദ്വാര അഴിമതി കുറയ്ക്കുന്നതിനും ക്രമക്കേടുകൾ യഥാസമയം കണ്ടുപിടിക്കുന്നതിനും പ്രത്യേക ആഡിറ്റ്

ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കുകളിലുമുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് ലിസ്റ്റ് നൽകിയാലും അതിൽ നിന്ന് നിയമനം നടത്താത്ത ജില്ലാ സഹകരണ ബാങ്കുകളെക്കുറിച്ചുള്ള പരാതി പരിഹരിക്കുന്നതിന് പുതിയ നിയമഭേദഗതിയിലൂടെ മാത്രമേ കഴിയുകയുള്ളൂ. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ വാദിക്കുന്നതിന് സർക്കാർ നിയോഗിക്കുന്ന വക്കീലന്മാർ വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതു സംബന്ധിച്ച് നിരീക്ഷണം നടത്തുന്നുണ്ട്. തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലാ സഹകരണ ബാങ്കുകളിലെ 600 കോടി രൂപയുടേയും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലുണ്ടായ 400 കോടി രൂപയുടെയും അഴിമതി കേസ്സുകളിൽ വിജിലൻസ് അന്വേഷണം നടക്കുകയാണ്. നെല്ലും പച്ചത്തേങ്ങയും കൊപ്രയും സംഭരിക്കുന്നതിൽ ചില കോ-ഓപ്പറേറ്റീവ സൊസൈറ്റികൾ നടത്തിയ അഴിമതിയിന്മേൽ സി.ബി.ഐ/വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. മേഖലാടിസ്ഥാനത്തിൽ ആർബിട്രേഷൻ കോർട്ടും കോ-ഓപ്പറേറ്റീവ് ട്രിബ്യൂണലും തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള വായ്പകളിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കേസ്സുകളിൽ 5 ലക്ഷം രൂപ യ്ക്കുതാഴെയുള്ളവർക്ക് മുതലിന്റെ അത്രയും പലിശ മാത്രമേ ഈടാക്കാവൂ എന്നുള്ള ഉദാരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കൃത്യമായി തുക അടയ്ക്കുന്നവർക്ക് 2010 ജനുവരി മാസം മുതൽ പലിശയുടെ അഞ്ച് ശതമാ

നംകൂടി കുറച്ചുകൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുക കൃത്യമായി തിരിച്ചടച്ചതുകൊണ്ട് കേന്ദ്ര കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം കിട്ടാതെപോയ കൃഷിക്കാർക്കുവേണ്ടി പ്രത്യേക പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്നും രണ്ടുതരത്തിലുള്ള അംഗത്വഫീസ് ഈടാക്കുന്ന സഹകരണ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പയ്ക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഹകരണ ബാങ്കുകൾക്കുമേൽ റിസർവ്വ് ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

33(*273) <u>ആദായ നികുതി വകുപ്പിന് നൽകാനുള്ള കുടിശ്ശിക</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, ആദായ നികുതി വകുപ്പ് വിവിധ വർഷങ്ങളിലെ അസസ്സ്മെന്റ് ഓർഡറുകൾ പ്രകാരം 164.58 കോടി രൂപ മിനിമം ആൾട്ടർനേറ്റീവ് ടാക്സിനത്തിൽ ബോർഡിൽ നിന്നും ഡിമാന്റ് ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വൈദ്യുതി ബോർഡ് 1956-ലെ കമ്പനി നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമല്ലാത്തതിനാൽ മിനിമം ആൾട്ടർനേറ്റിവ് ടാക്സിന്റെ പരിധിയിൽ വരികയില്ലായെന്നാണ് ബോർഡിന്റേയും ബോർഡിന്റെ ടാക്സ് കൺസൾട്ടന്റിന്റേയും നിയമ വിദഗ്ദ്ധരുടേയും അഭിപ്രായം. ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിലും ആദായനികുതി അപ്പലേറ്റ് ട്രിബ്യൂണലിലും കേസ് നിലനിൽക്കുന്നുണ്ട്. ബോർഡ് പ്രതിനിധികളും ആദായനികുതി വകുപ്പ് കമ്മീഷണറും തമ്മിൽ

ഒത്തുതീർപ്പിലെത്തിയതിനാൽ ഇപ്പോൾ അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടില്ല. അക്കൗണ്ടുകൾ മരവിപ്പിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബോർഡ് മിനിമം ആൾട്ടർനേറ്റീവ് ടാക്സിന്റെ പരിധിയിൽ വരും എന്ന് അന്തിമ തീർപ്പുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ ടാക്സ് മൊത്തമായി അടയ്ക്കുവാൻ നടപടികൾ ആവശ്യമായി വരികയുള്ളൂ. ഇപ്പോൾ 3500 കോടി രൂപയുടെ വൈദ്യുതി പുറത്തുനിന്ന് വാങ്ങിയതിന്റെ ഫലമായി രണ്ടായിരം കോടിയോളം രൂപയുടെ അധിക ബാദ്ധ്യതയാണ് ബോർഡിന് ഉണ്ടായിട്ടുള്ളതെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

34 (*274) <u>കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവിന്റെ പ്രവർത്തനം</u>

സഹകരണവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റേയും എൻ.സി.ഡി.സി.യുടേയും സംയുക്ത സഹായത്തോടെ റബ്കോയുടെ കീഴിൽ ആരംഭിച്ചിരുന്ന വിവിധ പ്രോജക്ടുകൾക്ക് പ്രവർത്തന മൂലധനമായും റബ്കോ തുടങ്ങിവച്ചതും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ റബ്ബർ കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബ്ബർ യൂണിറ്റ്, കാഷ്വൽ ഷൂ യൂണിറ്റ്, ഹെഡ് ഓഫീസ് കെട്ടിടം എന്നിവ പൂർത്തീകരിക്കുന്നതിനുംവേണ്ടി സംസ്ഥാന ഗവൺമെന്റും എൻ.സി.ഡി.സി.യും സംയുക്തമായി 55.76 കോടി രൂപയുടെ പുനരുദ്ധാരണ ധനസഹായം നൽകിയിട്ടുണ്ടെന്നും എൻ.സി.ഡി.സി.യിൽ നിന്നും മുൻകാലങ്ങളിൽ വിവിധ പ്രോജക്ടുകൾ ആരംഭിക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ള ലോൺ, പലിശ, പിഴപലിശ ഉൾപ്പെടെ മൊത്തം

38.45 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി മാറ്റി അനുവദിച്ചിട്ടു ണ്ടെന്നും സഭയെ അറിയിച്ചു. എൻ.സി.ഡി.സി.യുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം നൽകിയ 55.76 കോടി രൂപയിൽ 8.63 കോടിരൂപ സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതമാണ്. റബ്കോയുടെ ഹെഡ് ഓഫീസ് ഓഡി റ്റോറിയത്തിന്റെ ബാക്കി ജോലികൾ പൂർത്തീകരിക്കുന്നതിന് സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും ഒരു കോടി രൂപ ഗ്രാന്റായി അനുവദിച്ചു. റബ്കോയുടെ കീഴിൽ റബ്കോ ഹവായ് ചപ്പൽ ഫാക്ടറി, റബ്കോ റബ്ബറൈസ്ഡ് കൊയർ മാട്രസ്സ് ഫാക്ടറി, റബ്കോ കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, റബ്ബർ പാൽ സംഭരണ വിപണനത്തിനുവേണ്ടിയുള്ള റൂഫാസ് ഡിവിഷൻ, വെർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റ്, റബ്കോ ഹുവാട്ട് വുഡ് ഫാക്ടറി, ക്രമ്പ് റബ്ബർ നിർമ്മിക്കുന്ന ശ്രീകണ്ഠാപുരം ലാറ്റക്സ് ഫാക്ടറി എന്നീ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. റബ്കോയുടെ വെർജിൻ കോക്കനട്ട് ഓയിലിന്റെ വിപണനം മെച്ചപ്പെടുത്താ നുള്ള നടപടികൾ സ്വീകരിക്കുവാൻ സംഘത്തിന് നിർദ്ദേശം നൽകുന്നതാ ണെന്നും തലശ്ശേരിയിലെ കാഷ്വൽ ആന്റ് സ്പോർട്ട്സ് ഷൂ ഫാക്ടറി യൂണിറ്റ് മൂന്ന് മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്നും ഇതുവഴി 250 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 2342 മുതൽ 2574 വരെയുള്ള ചോദ്യങ്ങളിൽ 231 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)